12694
29/9/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം – വനം വകുപ്പിൽ ഡ്രൈവറായി സേവനമനുഷ്ഠിച്ചു വരവെ എപ്പിലപ്സി രോഗം ബാധിച്ച ശ്രീ.ബി.സന്തോഷിന് വനം വകുപ്പിൽ സൂപ്പർ ന്യൂമററിയായി അറ്റൻഡർ ഗ്രേഡ് 1 തസ്തിക സൃഷ്ടിച്ച് തസ്തിക മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(എം.എസ്.) നം. 75/2015/വനം തീയതി, തിരുവനന്തപുരം, 28/09/2015.

---

പരാമർശം:1. 17/01/2012-ൽ പെരിയാർ ടൈഗർ ഈസ്റ്റ് ഡിവിഷൻ ഫ്ലയിംഗ്സ്ക്വാഡ് റെയ്ഞ്ചിലെ ഡ്രൈവർ ശ്രീ.ബി.സന്തോഷ് സമർപ്പിച്ച അപേക്ഷ

2. ഭരണവിഭാഗം മുഖ്യവനപാലകന്റെ 15/03/2012, 5/11/2012, 05/06/2014, 08/01/2015 എന്നീ തീയതികളിലെ ഇ 2-15438/2011 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

വനം വകുപ്പിൽ പെരിയാർ ടൈഗർ റിസർവ്വ് (ഈസ്റ്റ് ഡിവിഷൻ) ഫ്ലയിംഗ് സ്ക്വാഡ് റെയിഞ്ചിൽ ഡ്രൈവറായി 15/06/2006 മുതൽ ജോലി നോക്കിവരുന്ന ശ്രീ.ബി.സന്തോഷിന് എപ്പിലപ്സി രോഗം ബാധിച്ചത് കാരണം ഉറക്കംമാറ്റി വച്ച് വണ്ടി ഓടിക്കുന്നത് ഒഴിവാക്കണമെന്ന ഇടുക്കി ജില്ലാ ആശുപത്രി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കുകയും കൂടാതെ കായികാദ്ധ്വാനമുള്ള ജോലി ചെയ്യുവാൻ കഴിയാത്തതിനാൽ അറ്റൻഡർ തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്ന് പരാമർശം 1 പ്രകാരം ടിയാൻ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. ടിയാന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കണമെന്നും കോട്ടയം ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ഡയറക്ടർ)-ന്റെ കീഴിൽ നിലവിൽ അറ്റൻഡർ തസ്തികയൊന്നും ഇല്ലാത്തതിനാൽ 8960-14260 രൂപ സ്കെയിലിൽ സൂപ്പർ ന്യൂമററിയായി അറ്റൻഡർ ഗ്രേഡ് -I തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കണമെന്നും 1995-ലെ Persons with Disabilities Act ചട്ടം-47 പ്രകാരം ശ്രീ.ബി.സന്തോഷിന് തസ്തികമാറ്റം അനുവദിക്കണമെന്നും ഭരണവിഭാഗം മുഖ്യവനപാലകൻ പരാമർശം 2 പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും വനം വകുപ്പിൽ ഡ്രൈവറായി ജോലി നോക്കിവരവെ എപ്പിലപ്സി രോഗം ബാധിച്ച ശ്രീ.ബി.സന്തോഷിന് പ്രസ്തുത ജോലി ചെയ്യാൻ ശാരീരിക ബുദ്ധിമുട്ടുള്ളതിനാൽ മാനുഷിക പരിഗണനയിൽ ഒരു പ്രത്യേക കേസായി പരിഗണിച്ച് വനം വകുപ്പിൽ സൂപ്പർ ന്യൂമററിയായി 8960-14260 രൂപ ശംമ്പള സ്കെയിലിൽ അറ്റൻഡർ ഗ്രേഡ് -1 തസ്തിക സൃഷ്ടിച്ച് ടി തസ്തികയിലേക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പി. മാരപാണ്ഡ്യൻ**
**പ്രിൻസിപ്പൽ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം

ശ്രീ.ബി.സന്തോഷ്. (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം) മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം

പൊതുഭരണ (എസ്.എസി)വകുപ്പ് (23/09/2015-ലെ ഇനം നമ്പർ 747 പ്രകാരം)

ധനകാര്യ വകുപ്പ് (100392/അഗ്രി.ബി2/13/ധനം തീയതി 08/01/2011) പ്രകാരം

വെബ് & ന്യൂ മീഡിയ

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ